ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: മൽസ്യം വളർത്തൽ പദ്ധതിക്ക ഇൻഡ്യാ ഗവൺമെന്റ് എത്ര രൂപ തന്നിട്ടുണ്ട്, എത്ര രൂപ ചെലവഴിച്ചു ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇൻഡ്യാ ഗവൺമെന്റിനേ പറയാൻ കഴിയൂ.

ആശുപത്രികളിലെ സൗകര്യങ്ങൾ

*620 [665] ശ്രീ. ത്യാഗരാജൻ :

,, എ. വി. താമരാക്ഷൻ :

,, കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടക്കകൾ, മരുന്ന്, സ്റ്റാഫ് ഇവ അപര്യാപ്തമാണെന്ന് കാണിച്ച് എല്ലാ ആശുപത്രികളുടെ കാര്യത്തിൽ ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ട് ;

(ബി) ഉണ്ടെങ്കിൽ ഈ പരാതികൾ പരിഹരിക്കുന്നതിന്, എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ) :

(എ) മിക്കവാറും എല്ലാ ആശുപത്രികളെ സംബന്ധിച്ചും ഇത്തരം പരാതികൾ ലഭിക്കാറുണ്ട്.

(ബി) ഇതു പരിഹരിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക പരിമിതികളിൽനിന്നുകൊണ്ട് ചെയ്യാവുന്നതൊക്കെ ചെയ്യുന്നുണ്ട്, പുതിയ വാർഡുകൾ കെട്ടുവാൻ ബഡ്ജറ്റിൽ ഘട്ടംഘട്ടമായി തുക കൊള്ളിക്കുന്നുണ്ട്. അതുപോലെ ഒ. പി. യും ഐ. പി. യും എണ്ണമനുസരിച്ച് എല്ലാ വർഷവും മരുന്നിനുള്ള തുക വർദ്ധിപ്പിക്കുന്നുണ്ട്. ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതനുസരിച്ച് പുതിയ തസ്തികകൾ അനുവദിക്കുന്നുണ്ട്. എങ്കിലും സ്റ്റാഫ് പാറേൺ അനുസരിച്ചുള്ള എല്ലാ തസ്തികകളിലും നിയമിക്കുവാൻ ധനസ്ഥിതി അനുവദിക്കുന്നില്ല.

ശ്രീ. എ. വി. താമരാക്ഷൻ : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ മൊത്തം എത്ര കിടക്കകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. പ്രഭാകരൻ : കഴിഞ്ഞ തവണ ഞാൻ പറഞ്ഞതാണ്. ഇരുപത്താറായിരത്തി അറുനൂറ് ബഡ്ഡുകളാണ് കഴിഞ്ഞ മാർച്ച് 31 വരെ ഉണ്ടായിരുന്നത്. ഈ കൊല്ലത്തിൽ 516 ബെഡ്ഡുകൾ കൂടുതലായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ : അടുത്ത സാമ്പത്തിക വർഷത്തിൽ എത്ര കിടക്കകൾ കൂടിയാണ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അതിനനുസരണമായി ഇന്നു കിടക്കകളും സ്റ്റാഫും ആയുള്ള അനുപാതം വളരെ കുറവാണെന്നു കണക്കിലെടുത്തുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : ആയിരം പേർക്ക് ഒരു ബെഡ് എന്നുള്ളതായിരുന്നു ടാർജറ്റ്. ഇപ്പോഴത്തെ അത് ഫുൾഫിൽ ചെയ്തു കഴിഞ്ഞിരിക്കയാണ്. ഇപ്പോൾ 800-ൽ ചിലപ്രദേശം ജനസംഖ്യക്ക് ഒരു ബെഡ് വീതം ഉണ്ട്. ഇപ്പോൾ പ്രധാനമായും റൂറൽ ഡിസ്പെൻസറികളിൽ 81 ഡിസ്പെൻസറികൾക്ക് 10 ബെഡ്ഡിനുള്ള വാർഡുകൾ വീതം കെട്ടാൻ അനുമതി കൊടുത്തിട്ടുണ്ട്. അടുത്തസാമ്പത്തിക വർഷത്തിൽ അതിന്റെ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നൂറ് ഡിഡ്പെൻസറികൾക്കുള്ള സ്കീം ആണിത്. അതിൽ 19 ഡിസ്പെൻസറികൾകൂടി അനുവദിക്കാൻ ബാക്കിയുണ്ട്. അതുകൂടി അടുത്ത സാമ്പത്തിക വർഷത്തിൽ അനുവദിക്കാൻ കഴിയും. പ്രധാനമായും ജില്ലാ ആശുപത്രികളും താലൂക്കാശുപത്രികളും മിനിമം നിശ്ചയിച്ചിട്ടുള്ളതായ ബെഡ് സ്ട്രങ്ത് തികയാത്തത് ഇപ്പോഴുമുണ്ട്. ആ ആശുപത്രികൾക്ക് അത് തികയ്ക്കാനുള്ള പ്രയത്നമാണ് മുൻഗണനകൊടുത്ത് നടത്തുന്നത്.

ശ്രീ. കല്ലട നാരായണൻ : നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ കിടക്കകളില്ല, സ്റ്റാഫില്ല, മരുന്നില്ല എന്ന മുറവിളി വർഷങ്ങളായി നിലനിൽക്കുകയാണ്. അതിന് ശാശ്വതമായ പരിഹാരം കാണാൻ എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. പി. പ്രഭാകരൻ : ശാശ്വതമായ പരിഹാരം കാണാൻ കഴിയുമെന്ന് എനിക്കിപ്പോൾ പറയാൻ നിവർത്തിയില്ല. 2.35 കോടി ജനങ്ങൾക്ക് മുഴുവൻ സൗജന്യമായി മരുന്നു കൊടുക്കാൻ ഇന്നു കേരളത്തിലെ ധനസ്ഥിതി അനുവദിക്കുമെന്നു എനിക്കു തോന്നുന്നില്ല. അലോട്ട് ചെയ്ത് കിട്ടുന്ന സംഖ്യ ഓരോ സ്ഥാപനങ്ങൾക്കും കഴിഞ്ഞകൊല്ലത്തിലെ ഔട്ട്പേഷ്യൻസിന്റെയും ഇൻപേഷ്യൻസിന്റെയും തോതനുസരിച്ച് ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കയാണ്. കഴിഞ്ഞ വർഷത്തിൽ ഗ്രാമീണ ഡിസ്പെൻസറികൾക്ക് 15,000 രൂപയും ഗവൺമെന്റ് ഡിസ്പെൻസറികൾക്ക് 20,000 രൂപയും പ്രൈമറി ഹെൽത്ത് സെന്ററിന് 50,000 രൂപയും താലൂക്കാശുപത്രികൾക്ക് 1,50,000 രൂപയും ജില്ലാ ആശുപത്രികൾക്ക് 5 ലക്ഷം രൂപയും നാലുമെഡിക്കൽ കോളേജുകൾക്ക് എതാണ്ട് 180 ലക്ഷം രൂപയും എന്ന തോതിൽ മരുന്നു സപ്ലൈ ചെയ്തിട്ടുണ്ട്.

ശ്രീ. കല്ലട നാരായണൻ : ആശുപത്രികളിലുള്ള മരുന്നുകൾ സമീപത്തുള്ള മെഡിക്കൽ ഷാപ്പുകളിലേക്ക് ഒഴുകിപ്പോകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. പ്രഭാകരൻ: ഒഴുകിപ്പോകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ചില പരാതികൾ വരുന്നുണ്ട്. അങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് പരാതികൾ അതാതു സമയത്തുതന്നെ അന്വേഷിക്കുന്നുണ്ട്. കാര്യമായ തെളിവൊന്നും കിട്ടുന്നില്ല.

ശ്രീ എം. വി. രാഘവൻ : കാശുകൊടുക്കാത്ത രോഗികളെ കാര്യമായി ചികിൽസിക്കാത്ത ഡോക്ടർമാർ ആണ് സർവ്വീസിൽ അധികമുള്ളതെന്ന് പരിഗണിച്ച് അതിനെ സംബന്ധിച്ച പരാതികൾ അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികളിൽനിന്ന് കാശു വാങ്ങിക്കുവാൻ പാടില്ലാത്തതാണ്. അതിന് വ്യക്തമായ തെളിവുകൾ കിട്ടിയാൽ ശിക്ഷിക്കുകയും ചെയ്യാം പക്ഷേ പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചിട്ടുള്ളവർക്ക് വീട്ടിൽ വരുന്നവരിൽ നിന്നും കാശു വാങ്ങിച്ച് ചികിൽസിക്കുവാൻ സ്വാതന്ത്ര്യം ഉണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കൊല്ലംതോറും രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. ആ തോതനുസരിച്ച് മരുന്നു വർദ്ധിപ്പിച്ചുകൊടുക്കുമോ; അടുത്ത വർഷത്തേക്ക് എത്ര മരുന്നാണ് വർദ്ധിപ്പിച്ചു കൊടുക്കുന്നത്?

ശ്രീ. കെ.പി. പ്രഭാകരൻ : രോഗികളുടെ വർദ്ധനവിനനുസരിച്ചല്ല, ഡിപ്പാർട്ടുമെൻറിനു ആകെ അലോട്ടു ചെയ്യുന്ന സംഖ്യയുടെ ബേസിസിൽ മാത്രമേ ചെയ്യാനൊക്കുകയുള്ളൂ. ഓരോ കൊല്ലവും വർദ്ധിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ജനസംഖ്യാ വർദ്ധനവ് വരുന്നുണ്ട്. മരുന്നിൻറെ വിലയിലും വർദ്ധനവുണ്ടാകുന്നുണ്ട്. അത് മുമ്പൊരിക്കൽ ഞാൻ ഈ സഭയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ടി. എ. പരമൻ : നമ്മുടെ ആശുപത്രികൾക്കാവശ്യമായ മരുന്നു കൊടുക്കുവാൻ നിവൃത്തിയില്ലാതിരിക്കുമ്പോൾ നമ്മുടെ ആശുപത്രികൾ പണിയുന്നതിനുവേണ്ടി 1974-ൽ അംഗീകരിച്ചിരിക്കുന്ന പാറ്റേൺ സാമാന്യ രീതിയിലുള്ളതിനേക്കാൾ കൂടുതൽ വലിപ്പമേറിയതും ചെലവു കൂടിയതുമാണെന്ന് പരിഗണിച്ച് അതൊന്നു പുനഃപരിശോധിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ : അങ്ങനെയാണോ എന്നെനിക്കറിയുകയില്ല. അങ്ങനെയുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി : പരിയാരം സാനിട്ടോറിയത്തിലെ കിടക്കകൾക്കുള്ളിൽ എലികൾക്ക് കിടക്കാനുള്ള മാളങ്ങൾ ഉണ്ടെന്നും ശീമക്കൊന്ന കൊണ്ടുണ്ടാക്കിയ കട്ടിലുകളാണെന്നും ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരിൽ കണ്ടുമനസ്സിലാക്കിയിട്ടുള്ളതാണ്. അത് മാറ്റാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ : ഞാൻ അവിടുത്തെ കട്ടിലുകൾ കണ്ടത് ശരിയാണ്. എനിക്ക് ആക്ഷേപം കിട്ടിയിട്ടുള്ളതിൻറെ അടിസ്ഥാനത്തിൽ പരിയാരം സാനിട്ടോറിയത്തിൽ ഞാൻ വിസിറ്റു ചെയ്യാൻ പോയിരുന്നു. ബഹുമാനപ്പെട്ട മെമ്പറും ഞാനും ഒന്നിച്ചാണ് പോയത്. വളരെക്കാലം പഴക്കം ചെന്ന ബെഡ്ഡുകളുണ്ട്. ഞാൻ ഇവിടെ വന്ന ഉടൻതന്നെ അതെല്ലാം മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഒരു ഡെപ്യൂട്ടി ഡയറക്ടറെ പറഞ്ഞയച്ചു. വേണ്ട വിവരങ്ങൾ ശേഖരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ ഒന്നിച്ചു മാറ്റാൻ ഒക്കുകയില്ലെങ്കിലും ഏറ്റവും പഴക്കം ചെന്നത് മാറ്റിക്കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ : ആശുപത്രികളിലെ കാര്യങ്ങൾ പരിശോധിക്കുവാനും അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും വേണ്ടി ഡോ. പൈ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായിട്ടുണ്ടോ? കമ്മിറ്റിയുടെ പ്രവർത്തനം എവിടെവരെയായി എന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : 1979 മാർച്ച് 31 വരെ നീട്ടികൊടുത്തിട്ടുണ്ട്. ഏതാണ്ട് റിപ്പോർട്ട് തയ്യാറാക്കുന്ന സ്റ്റേറ്റേജിലാണ് അതിന്റെ പ്രവർത്തനം. മാർച്ച് 31-ാം തീയതി തന്നെ പൂർത്തീകരിച്ച് റിപ്പോർട്ടു തരുമെന്നാണ് ഉറപ്പു തന്നിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സ്റ്റേറ്റഡ് ആവശ്യം ആയിരം ആളുകൾക്ക് ഒരു ബെഡ് ആണെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. മലപ്പുറം ജില്ലയിൽ 3000 ആളുകൾക്ക് ഒരു ബെഡ് മാത്രമേയുള്ളൂ. ഇതു പരിഗണിച്ച് അവിടെ കൂടുതൽ ബെഡ്ഡുകൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കാമോ ?

ശ്രീ. കെ. പി. പ്രഭാകരൻ : അതു പരിഗണിച്ച് നടപടി സ്വീകരിച്ചുകൊണ്ടിരിക്കയാണ്. ജില്ലാ ആശുപത്രിയിൽ 500 ബെഡ് ആയി ഉയർത്തുവാൻ ഭൂമി അക്വയർ ചെയ്യാൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത വർഷം പുതിയ ആശുപത്രി കെട്ടിടത്തിന്റെ പണി തുടങ്ങും. മലപ്പുറം താലൂക്കാശുപത്രിക്കുവേണ്ടി സ്ഥലം ഏടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ പണി തുടങ്ങുകയാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതൽ സൗകര്യങ്ങളും മലപ്പുറത്തിന് നൽകിയിട്ടുണ്ട്.

ശ്രീ. കെ. ജെ. ചാക്കോ : അലോപ്പതി ആയുർവ്വേദ ആശുപത്രികൾക്ക് നൽകുന്ന പ്രാധാന്യം ഹോമിയോപ്പതിക്ക് നൽകുന്നില്ലെന്ന് പരാതിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ ചെലവിൽ വൈദ്യസഹായം ലഭിക്കുന്ന ഹോമിയോപ്പതിക്ക് വേണ്ടത്ര പ്രാധാന്യം നൽകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ ; മുൻപ് അങ്ങനെ തുല്യപ്രാധാന്യം കൊടുത്തിട്ടില്ലെന്നു പരാതി ഉണ്ടായിരുന്നത് ശരിയായിരിക്കാം. ഇപ്പോൾ അങ്ങനെ പരാതിയൊന്നുമില്ല. ഹോമിയോപ്പതി ഡിസ്പെൻസറികൾ കൂടുതൽ ആരംഭിക്കുവാൻ, മുൻഗണന നൽകിക്കൊണ്ട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്, കഴിഞ്ഞ വർഷത്തിൽ തന്നെ 6 അലോപ്പതി ഡിസ്പെൻസറികളും 7 ആയുർവ്വേദ ഡിസ്പെൻസറികളും അനുവദിച്ചപ്പോൾ 21 ഹോമിയോപ്പതി ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. അങ്ങനെ ഹോമിയോപ്പതി ഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഈപ്പൻ കണ്ടക്കുടി : കുട്ടനാട്ടിൽ കൊയ്ത്തു തുടങ്ങുകയും കുട്ടനാട്ടിനുപുറത്തുനിന്നും പതിനായിരക്കണക്കിനാളുകൾ അവിടെ വരികയും ചെയ്യുന്നുണ്ട്. അവിടെ ഒരു ഫ്ളോട്ടിങ്ങ് ഡിസ്പെൻസറി ഉണ്ടായിരുന്നത് വളരെക്കാലമായി പ്രവർത്തിക്കുന്നില്ല. രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കുവാൻ വേണ്ടി അടിയന്തിരമായി ഒരു ഫ്ളോട്ടിംഗ് ഡിസ്പെൻസറി ഉണ്ടാക്കാൻ നിർദ്ദേശം നൽകുമോ : പുറത്തുനിന്നു വരുന്ന ആളുകൾക്ക് ആവശ്യമായ ആരോഗ്യസൗകര്യങ്ങൾ ചെയ്തുകൊടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ : അവിടെ ഫ്ളോട്ടിംഗ് ഡിസ്പെൻസറി പ്രവർത്തനരഹിതമായി കിടക്കുകയായിരുന്നു. അതു പ്രവർത്തിക്കുവാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ : ജനസംഖ്യയും നിലവിലുള്ള കിടക്കകളുടെയും അനുപാതം പരിശോധിച്ചാൽ ഏറ്റവും കുറവ് ഇടുക്കി ജില്ലയ്ക്കാണെന്നുള്ള വസ്തുത അംഗീകരിച്ചുകൊണ്ടും, ബഹുമാനപ്പെട്ട മന്ത്രി ചോദ്യോത്തരസമയത്ത് പറഞ്ഞ നൂറു ഡിസ്പെൻസറികളിൽ ഇടുക്കിയിൽ രണ്ടെണ്ണം മാത്രമാണ് അനുവദിച്ചതെന്ന് മനസ്സിലാക്കിക്കൊണ്ടും പുതുതായി ഡിസ്പെൻസറികൾ അനുവദിക്കുമ്പോൾ ഇടുക്കിയുടെ കാര്യം പ്രത്യേകം പരിഗണിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ : ഇടുക്കിയും മലപ്പുറംപോലെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ്. മൂന്നു താലൂക്കാശുപത്രികൾ അടുത്ത വർഷത്തിൽ തുടങ്ങാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഒന്നിന്റെ പണി പൂർത്തിയായി, ഒന്നു നടന്നുകൊണ്ടിരിക്കയാണ്. 10 ബെഡ് ഉള്ള ഡിസ്പെൻസറി അനുവദിച്ചതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ തെറ്റിദ്ധാരണയാണ്. അതു പഞ്ചായത്ത് ഡിപ്പാർട്ടുമെൻറുമായി യോജിച്ച് ഒരു പദ്ധതി ആവിഷ്കരിച്ചതാണ്. പഞ്ചായത്തുകളും പൊതുജനങ്ങളും പഞ്ചായത്ത് ഡിപ്പാർട്ടുമെൻറും യോജിച്ചുള്ള പദ്ധതിയാണ്. അവരാണ് ഫണ്ട് പിരിച്ച് വാർഡിനു കെട്ടിടം പണിയുന്നത്. അങ്ങനെ കെട്ടാൻ സന്നദ്ധമായ പഞ്ചായത്തുകളുടെയും സ്വന്തമായി ഡിസ്പെൻസറി കെട്ടാൻ ഭൂമിയുള്ള പഞ്ചായത്തുകളുടെയും സൗകര്യങ്ങൾ പരിശോധിച്ചപ്പോൾ ഇടുക്കിയിൽ രണ്ടുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇനിയും സ്ഥലം തരാൻ തയ്യാറുണ്ടെങ്കിൽ കൂടുതൽ സർവർ അനുവദിക്കാവുന്നതാണ്.

ശ്രീ. പി. പി. എസ്തോസ്: താലൂക്ക് ജില്ലാതല ആശുപത്രികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഈ കഴിഞ്ഞ ഇരുപതു വർഷത്തിനിടക്ക് ഒരൊറ്റ ബെഡ്ഡുപോലും അനുവദിക്കാതിരിക്കുകയും ഒരു വാർഡ് പുതിയതായി കൺസ്ട്രക്ട് ചെയ്യാതിരിക്കുകയും ചെയ്യുന്ന താലൂക്ക് ആശുപത്രികളെ കേരളത്തിൽ ഉണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് പുതുതായി ബെഡ്ഡ് സ്ട്രങ്തു വർദ്ധിപ്പിക്കാൻ ആലോചിക്കുമ്പോൾ ഇത്തരം ആശുപത്രികൾക്ക് മുൻഗണന കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: മിനിമം ഒരു താലൂക്കാശുപത്രിയിൽ 100 ബെഡ്ഡും ഡിസ്ട്രിക്ട് ആശുപത്രിയിൽ 500 ബെഡ്ഡുമാണ് നിശ്ചയിച്ചിട്ടുള്ളത്. മിനിമം ബെഡ്ഡ് സ്ട്രങ്തു തികയാത്ത സ്ഥലത്ത് മുൻഗണന കൊടുക്കുന്നതായിരിക്കും. അതു കഴിഞ്ഞതിനുശേഷം 20 വർഷമായി പുരോഗതിയുണ്ടാകാത്ത സ്ഥലങ്ങൾ ഉണ്ടെന്നു പറഞ്ഞാൽ അതു പരിഗണിക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലാ ആശുപത്രിയിലും, പരിസരത്തുള്ള ആശുപത്രിയിലും രോഗികൾക്കാവശ്യമായ ശുദ്ധജലം കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: തൃശ്ശൂർ ജില്ലയിൽ ഈ പറഞ്ഞ രണ്ടു ആശുപത്രികളിലും ശുദ്ധജല ദൗർലഭ്യമുണ്ട്. അവിടെ മാത്രമല്ല തൃശ്ശൂർ ടൗണിൽ ഒട്ടുകെ ദൗർലഭ്യമുണ്ട്. അതിന്റെ ഭാഗമായിട്ടു ആശുപത്രിയിലും ദൗർലഭ്യമുണ്ട്. ഈ ആശുപത്രികൾക്ക് പ്രത്യേകമായി വാട്ടർ സപ്ലൈ കൊടുക്കാൻവേണ്ടി നേരിട്ടു കണക്ഷൻ കൊടുക്കാനുള്ള നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചു എസ്റ്റിമേറുണ്ടാക്കി അഡ്മിനിസ്ട്രേറീവ് സാംഗ്ഷൻ കൊടുത്തുകഴിഞ്ഞപ്പോൾ തൃശൂർ മുനിസിപ്പാലിറ്റി അത് ഒബ്ജക്റ്റു ചെയ്തിരിക്കുകയാണ്. മുനിസിപ്പാലിറ്റിയുടെ തടസം നീക്കാതെ ആ പണി മുന്നോട്ടുകൊണ്ടുപോകാൻ പറ്റുകയില്ല.

ശ്രീ. എ. പി. കുര്യൻ; ഡാക്ടർമാർക്കും സ്റ്റാഫിനും താമസിക്കാൻ സൗകര്യമില്ലാത്ത ആശുപത്രികളോടനുബന്ധിച്ച് കാഠർട്ടേഴ്സ് കെട്ടുന്നതിനുള്ള ഒരു സ്കീമിനെക്കുറിച്ച് ഗവൺമെന്റ് ഇതിനുമുമ്പ് പ്രഖ്യാപിച്ചിരുന്നു. വിശേഷിച്ചും ഗ്രാമീണ ഡിസ്പെൻസറികളുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവിടെയെങ്കിലും കാർട്ടേഴ്സ് കെട്ടാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെ ഒരു പദ്ധതി സാമ്പത്തിക പരിമിതിമൂലം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത വർഷം 55 ഗ്രാമീണസെൻറുകളിലെങ്കിലും കാർട്ടേഴ്സ് പണിയാനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട് 79-80 ലെ ബഡ്ജറ്റിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഏറ്റവും പ്രയാസകരമായ പ്രദേശങ്ങൾക്കായിരിക്കും മുൻഗണന കൊടുക്കുന്നത്.

ക്ഷയരോഗാശുപത്രികളിലെ രോഗികൾ

* 621 [666] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷയരോഗാശുപത്രികളിൽ ആകെയുള്ള രോഗികൾ എത്ര;

(ബി) നിലവിലുള്ള ക്ഷയരോഗാശുപത്രികളിൽ പ്രവേശനം ലഭിക്കുവാൻ ബുദ്ധിമുട്ടുകളനുഭവപ്പെടുന്നതുകൊണ്ട് പുതുതായി ക്ഷയരോഗാശുപത്രികളാരംഭിക്കുവാൻ നടപടിയെടുക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) മൂന്നു ക്ഷയരോഗാശുപത്രികളിലായി 1,091 പേരും 11 ക്ലിനിക്കുകളിലായി 1,111 പേരും കൂടി ഒട്ടാകെ 2,202 രോഗികളുണ്ട്.

(ബി) ആശുപത്രികളിൽ കിടത്തി ചികിൽസിക്കാൻ തക്കവണ്ണം രോഗമുള്ളവർക്ക് ഇന്നുള്ള ആശുപത്രികളിൽ പ്രവേശനം ലഭിക്കുവാൻ പ്രയാസമില്ല. അതിനാൽ കൂടുതൽ ക്ഷയരോഗാശുപത്രികൾ ആരംഭിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: മസൂരി, മലമ്പനി മുതലായ രോഗങ്ങളെ ഉൻമൂലനാശം ചെയ്തതുപോലെ ക്ഷയരോഗത്തെയും കേരളത്തിൽനിന്നു തുടച്ചുനീക്കുന്നതിനുവേണ്ടി ഒരു തീവ്രയത്നപരിപാടി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത എത്രയുംവേഗം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മലമ്പനിയും മസൂരിയും ഉൻമൂലനാശം ചെയ്തതുപോലെ ഇതും ഉൻമൂലനാശം വരുത്താനുള്ള തീവ്രശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മൂന്നു ക്ഷയരോഗാശുപത്രിക്കു പുറമേ 11 ക്ലിനിക്കുകൾ മാത്രമല്ല താലൂക്കാശുപത്രികളോടനുബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly